**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4569** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചില സഹകരണസംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിനാൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) നിയമം അംഗീകരിക്കുകയും ടി സമഗ്ര നിയമ ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം ഒട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ |

| | | | |
|---|---|---|---|
| | | | സുതാര്യത ഉറപ്പവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ, അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.<br><br>സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സഹകരണ വകപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട്, സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | സഹകരണ സംഘങ്ങളെ കുറ്റമറ്റതാക്കാൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സഹകരണ സംഘങ്ങളെ കുറ്റമറ്റതാക്കാൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും നിലവിൽ സഹകരണ വകപ്പിന്റെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് സെന്ററുകളായ അഗ്രികൾച്ചറൽ കോ- ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ട് (ACSTI മൺവിള), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM) തിരുവനന്തപുരം, കണ്ണൂർ, സംസ്ഥാന |

| | | | |
|---|---|---|---|
| | | | സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA) -ന്റെയും ആഭിമുഖ്യത്തിൽ 1969-ലെ സഹകരണ ചട്ടം 185 (1) (c) യ്ക്ക് വിധേയമായി ചുവടെ പറയുന്ന മേഖലകളിൽ പരിശീലനം നൽകിവരുന്നു.<br><br>1. റിക്കവറി മാനേജ്മെന്റ്, വായ്പ ഫയൽ തയ്യാറാക്കൽ എന്നിവയിൽ സഹകരണസംഘം ജിവനക്കാർക്ക് പ്രത്യേക പരിശീലനം നടത്തി വരുന്നു.<br><br>2. ലോൺ റിക്കവറി മാനേജ്മെന്റ്, വായ്പ ഡോക്യുമെന്റേഷൻ തുടങ്ങിയ വിഷയങ്ങളിൽ പരിശിലനം നൽകാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>3. സൈബർ സെക്യൂരിറ്റി, ഓഡിറ്റ്, കള്ളപ്പണം വെളുപ്പിക്കൽ തടയൽ, ഉപഭോക്തൃ സംരക്ഷണം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നടത്തുന്നതാണ്.<br><br>4. സഹകാരികൾക്കിടയിൽ പൊതു അവബോധം സൃഷ്ടിക്കുന്നതിനും റെക്കോർഡുകൾ പരിശോധിക്കുന്നതിനും സഹകാരികളുടെ നിയമപരവും സാമ്പത്തികവുമായ ബാധ്യതകളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനും സാധാരണ നേതൃത്വ പരിശീലനത്തിൽ നിന്നും വ്യത്യസ്തമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>5. ധനാപഹരണം, ഭരണ സമിതി അംഗങ്ങളുടെ സജീവത, അംഗങ്ങളുടെ ഇടപെടൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വിവിധ താലൂക്കുകളിൽ പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ